# 'ഇസ്‌ലാമും പരിസ്ഥിതിയും'

**ശീർഷകം** ഓക്സ്ഫോർഡ് യൂനിവേഴ്സിറ്റിയുടെ ഇസ്‌ലാമിക പഠനകേന്ദ്രത്തിൽ സമ്മേളിച്ച വിദ്വൽസദസ്സിൽ ബ്രിട്ടനിലെ ചാൾസ് രാജകുമാരൻ ഇക്കഴിഞ്ഞ ജൂൺ 9-ന് ചെയ്ത പ്രൗഢോജ്വല മായ പ്രഭാഷണത്തിന്റേതാണ്. ആധുനിക മാനവിക വിജ്ഞാനീയങ്ങളുടെയും നാഗരികാവശ്യങ്ങ ളുടെയും വെളിച്ചത്തിൽ ഇസ്‌ലാമികദർശനവും സംസ്കാരവും ചരിത്രവുമെല്ലാം നിരൂപണാത്മക മായി പഠിക്കുന്ന പ്രഗത്ഭ സ്ഥാപനമാണ് ഓക്സ്ഫോർഡ് ഇസ്‌ലാമിക പഠനകേന്ദ്രം. വർഷത്തി ലൊരിക്കൽ ലോക പ്രശസ്തരായ പണ്ഡിതന്മാരിലാരെയെങ്കിലും ക്ഷണിച്ചുവരുത്തി ഇസ്‌ലാമുമായി ബന്ധപ്പെട്ട ഒരു വിഷയത്തിൽ ഗഹനമായ പ്രഭാഷണം സംഘടിപ്പിക്കുക ഈ കേന്ദ്രത്തിന്റെ പരിപാ ടികളിലൊന്നാണ്. ആഫ്രിക്കൻ നേതാവ് നെൽസൺ മണ്ഡേല ഉൾപ്പെടെയുള്ള അനേകം ആഗോള വ്യക്തിത്വങ്ങൾ ഇതിനകം ഈ പരിപാടിയിൽ പങ്കെടുത്തിട്ടുണ്ട്.

ധിഷണാശാലിയും പക്വമതിയുമായ സത്യാന്വേഷകനായിട്ടാണ് ചാൾസ് രാജകുമാരൻ വൈജ്ഞാനിക വേദികളിൽ അറിയപ്പെടുന്നത്. മതതാരതമ്യ പഠനം അദ്ദേഹത്തിന്റെ ഇഷ്ട വിഷയ മാണ്. പ്രാമാണികരായ ഗൈഡുകളുടെ സഹായത്താൽ ഇസ്‌ലാമിനെ സവിശേഷ താൽപര്യത്തോടെ ആഴത്തിൽ പഠിച്ചുകൊണ്ടിരിക്കുകയാണദ്ദേഹം. തന്റെ നിരീക്ഷണങ്ങൾ സന്ദർഭോചിതമായി സധൈര്യം വെളിപ്പെടുത്താനും പ്രിൻസ് ചാൾസ് മടിക്കാറില്ല. 1993 ഒക്ടോബർ 27-ന് ഓക്സ്ഫോർഡ് യൂനിവേഴ്സിറ്റി ഇസ്‌ലാമിക പഠന കേന്ദ്രത്തിൽതന്നെ 'ഇസ്‌ലാമും പടിഞ്ഞാറും' എന്ന വിഷയ ത്തിൽ അദ്ദേഹം ചെയ്ത ചരിത്ര പ്രധാനമായ പ്രഭാഷണം ഏറെ വിവാദമാവുകയുണ്ടായി. ഇന്ന് പാശ്ചാത്യ ലോകം തങ്ങൾ ഉണ്ടാക്കിയത് എന്നഭിമാനിക്കുന്ന ഭൗതികശാസ്ത്ര-വൈദ്യശാസ്ത്ര നേട്ടങ്ങൾക്കെല്ലാം അടിത്തറ പാകിയത് പൂർവകാല മുസ്‌ലിം ശാസ്ത്രജ്ഞന്മാരും ഗവേഷകരുമാണ് എന്ന അദ്ദേഹത്തിന്റെ പ്രസ്താവന സയണിസ്റ്റുകളെ വല്ലാതെ നീരസപ്പെടുത്തിയിരുന്നു. മറ്റു ചില ഇസ്‌ലാംവിരുദ്ധ ശക്തികളും രാജകുമാരനെ നിശിതമായി വിമർശിച്ചു.

അന്തരീക്ഷ മലിനീകരണം, ആഗോളതാപനം, ഭൂകമ്പം തുടങ്ങിയ പാരിസ്ഥിതിക വിപത്തുക ളെക്കുറിച്ചുള്ള ആവലാതികളും പരിഹാര ചർച്ചകളും വ്യാപകമായ ഇന്നത്തെ സാഹചര്യത്തിൽ 'ഇസ്‌ലാമും പരിസ്ഥിതിയും' എന്ന വിഷയത്തിലുള്ള പ്രിൻസ് ഓഫ് വെയിൽസിന്റെ പുതിയ ഓക്സ്ഫോർഡ് പ്രഭാഷണവും ഏറെ ശ്രദ്ധേയമാകുന്നു. രാജകുമാരന്റെ വീക്ഷണത്തിൽ പരിസ്ഥി തിയെക്കുറിച്ച് ചർച്ച ചെയ്യുകയും ആ വിഷയത്തിൽ മനുഷ്യർക്ക് മാർഗദർശനം നൽകുകയും ചെയ്യുന്ന ഏക മതം ഇസ്‌ലാം ആകുന്നു. മറ്റു ലോകമതങ്ങളെല്ലാം ഇക്കാര്യത്തിൽ ഏറെക്കുറെ നിശ്ശബ്ദമാണ്. ഖുർആനാകട്ടെ, അടിക്കടി പരിസ്ഥിതിയെ പരാമർശിക്കുന്നുണ്ട്. ചാൾസ് രാജകുമാ രന്റെ നിരീക്ഷണത്തിൽ, പരിസ്ഥിതിയുടെയും സമുദ്ര ജീവികളുടെയും വന്യ ജീവികളുടെയും സംര ക്ഷണത്തിൽ ഖുർആനികാധ്യാപനങ്ങൾ പ്രയോജനപ്പെടുത്തിയ മുസ്‌ലിം രാജ്യങ്ങളിൽ പ്രകടമായ ഫലമുണ്ടായിരിക്കുന്നു. ഇന്തോനേഷ്യയും മലേഷ്യയും സിംഹങ്ങളുടെ വംശനാശം തടയാൻ സ്വീക രിച്ച പ്രധാന ഉപാധി ജീവികളെ അന്യായമായി കൊല്ലരുത് എന്നനുശാസിക്കുന്ന ഖുർആൻ സൂക്ത ങ്ങളെ അധികരിച്ചു നടത്തിയ ബോധവത്കരണമാണ്. ആളുകളെ മൃഗയാ വിനോദത്തിൽനിന്നു പിന്തിരിപ്പിക്കുന്നതിൽ അത് നല്ല വിജയം നേടി. അടുത്തിടെ നടത്തിയ അഫ്ഗാൻ പര്യടനം അനു സ്മരിച്ചുകൊണ്ട് ചാൾസ് രാജകുമാരൻ പറഞ്ഞു: "അവിടെ വീടുകൾ പ്രത്യേകിച്ചും സ്കൂൾ കെട്ടി ടങ്ങൾ പൊതുവിലും മൺകട്ടകൾ കൊണ്ടാണ് നിർമിച്ചിരിക്കുന്നത്. ഇത് അന്തേവാസികളെ ഉഷ്ണ കാലത്ത് ചൂടിൽനിന്നും ശൈത്യകാലത്ത് തണുപ്പിൽനിന്നും രക്ഷിക്കുന്നു. ഈ മൺ ചുമരു കൾക്കുള്ളിൽ കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ആധുനിക സാങ്കേതികോപകരണങ്ങളെല്ലാം പ്രവർത്തി ക്കുന്നുണ്ട്. ഇത്തരം കെട്ടിടങ്ങൾ വലിയൊരളവോളം ഭൂകമ്പത്തെ ചെറുക്കുകയും ചെയ്യും." പൈതൃക സംസ്കാരത്തിന്റെ സംഭാവനയാണീ ലാളിത്യവും മിതത്വവുമെന്ന് രാജകുമാരൻ നിരീക്ഷിക്കുന്നു.

മാനുഷിക ദുരിതങ്ങൾ പരിഹരിക്കുന്നതിൽ അതീവ തൽപരനാണീ രാജകുമാരൻ. പാരമ്പര്യാധിഷ്ഠിതവും ചരിത്രപരവും പ്രകൃതി സൗഹൃദപരവുമായ മാർഗങ്ങളാണതിനവലംബിക്കേണ്ടതെന്ന് അദ്ദേഹം കരുതുന്നു.

ചാൾസ് രാജകുമാരൻ ഒറ്റപ്പെട്ട ഉദാഹരണമല്ല. ഇസ്‌ലാമിനെ ആഴത്തിൽ പഠിക്കുന്ന ഒട്ടനവധി ധിഷണാശാലികൾ പാശ്ചാത്യ രാജ്യങ്ങളിലുണ്ട്. അവരിൽ ചിലർ ഖുർആനികാശയങ്ങൾ കാലോചിതമായി ഗ്രഹിക്കുന്നതിൽ മുസ്‌ലിം പണ്ഡിതന്മാരുടെയും മുന്നിലാണ്. ഇസ്‌ലാമോഫോബിയ താണ്ഡവമാടുന്ന സമകാലീന സാഹചര്യത്തിൽ മുസ്‌ലിം പണ്ഡിതന്മാർ അത്തരം വ്യക്തിത്വങ്ങളെ കണ്ടെത്തുന്നതും സമ്പർക്കം പുലർത്തുന്നതും ഇരു കൂട്ടർക്കും പ്രയോജനകരമായിരിക്കും. മുസ്‌ലിം പണ്ഡിന്മാരിലധികവും പാരമ്പര്യത്തിന്റെ പരിധിക്കകത്തുനിന്നുകൊണ്ടാണ് ഇസ്‌ലാമിനെ പഠിക്കുന്നത്. ആ പരിധിക്കപ്പുറം ആധുനിക വൈജ്ഞാനിക മുന്നേറ്റത്തിന്റെയും നാഗരിക വികാസത്തിന്റെയും പശ്ചാത്തലത്തിൽ നിന്ന് നോക്കുന്നവർക്ക് അവർ കാണാത്ത പലതും കാണാൻ കഴിഞ്ഞെന്നുവരും. 'പരിസ്ഥിതിയും ഇസ്‌ലാമും' ഒരുദാഹരണമാണ്. പാരമ്പര്യ മതപണ്ഡിതന്മാരിൽ പലരും ഇങ്ങനെയൊരു 'മസ്അല' കേട്ടിട്ടുപോലുമുണ്ടാവണമെന്നില്ല. കേരളത്തിലടക്കം ഈ വിഷയം കാര്യമായി ചർച്ച ചെയ്യുന്നത് 'മതപണ്ഡിതൻ' എന്ന ലേബലില്ലാത്ത വിദ്വാന്മാരും ഗവേഷകരുമാണ്. മതപണ്ഡിതന്മാരുടെയും മതേതര പണ്ഡിതന്മാരുടെയും കാഴ്ചപ്പാടുകളുടെ സംശ്ലേഷണം ഇസ്‌ലാമിക ദർശനത്തെ കൂടുതൽ ശക്തവും വ്യക്തവുമാക്കുമെന്ന് തീർച്ചയായും പ്രതീക്ഷിക്കാം. ■